**വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**

**03-11-2020**

**അടിസ്ഥാന പാഠാവലി- X**

**ഓണമുറ്റത്ത് - 01**

- 'നിലാവ് പെയ്യുന്ന നാട്ടുവഴികളിലൂടെ' നമുക്ക് അല്പദൂരം കൂടി സഞ്ചരിക്കാം എന്ന നിർദേശത്തോടെ നാട്ടിൻ പുറത്തിന്റെ ഹൃദ്യമായ കാഴ്ച്ചകളിലേക്ക് കുട്ടികളുടെ ഓർമ്മകളെ കൂട്ടിക്കൊണ്ടു പോയി.

- നാട്ടുവഴിയോരത്ത് കാഴ്ചയെ ആകർഷിച്ചു കൊണ്ട് വിരിഞ്ഞു നിൽക്കുന്ന പൂക്കളെ കുറിച്ച് പറഞ്ഞു കൊണ്ട്

എട്ടാം ക്ലാസിലെ 'പൂക്കളും ആണ്ടറുതികളും' എന്ന പാഠഭാഗത്തിലെ ആദ്യ ഖണ്ഡിക ഓർമ്മപ്പെടുത്തി.

- കേരളം ഒരു കാർഷിക രാജ്യമാണ്.

ഇവിടുത്തെ കൃഷീവല കുടുംബങ്ങളിൽ പൊൻ നാണയങ്ങൾക്കു പഞ്ഞമാണ്.
കർഷകർക്ക് പ്രകൃതി കനിഞ്ഞു നൽകിയ പൊൻനാണയങ്ങളാണ് പൂക്കൾ .

- കേരളത്തിലെ പൂക്കളുടെ സമൃദ്ധിയെ കുറിച്ച് ഉണർത്താൻ 'പൂക്കളും ആണ്ടറുതികളും' [ വി.ടി ഭട്ടതിരിപ്പാട് ]

എന്ന പാഠഭാഗത്തിന്റെ തുടർഭാഗം വായിച്ച് വിശദീകരിച്ചു.

■ നടുമുറ്റത്തൊരു മുല്ലത്തറ
■ മുറ്റത്തൊരറ്റത്ത് തുളസിത്തടം
■ കുളക്കരയിൽ പുഞ്ചിരിച്ചു നിൽക്കുന്ന വെള്ളിയിലച്ചെടി
■ തൊടിനിറയെ മുക്കുറ്റി
■ മുക്കിലും മൂലയിലും തഴച്ചു നിൽക്കുന്ന മന്ദാരം
■ ചെമ്പരത്തി, കോളാമ്പി .
■ വഴിവക്കത്തു കറുകനാമ്പ്
■ തുമ്പക്കുടം
■ വേലിക്കിടയിലൂടെ നിശബ്ദമായി പാളി നോക്കുന്ന ശംഖുപുഷ്പം
■കുന്നിൽ നിറുകയിൽ കൂത്താടുന്ന കാട്ടുപൂക്കൾ

- ശബളാഭമായ ഒരു പൂപ്പാലികയാണ് (പൂക്കുട , പൂത്തട്ട് ) കേരളം.

- വി.ടി ഭട്ടതിരിപ്പാടിന്റെ കവിത തുളുമ്പുന്ന ഗദ്യ വർണ്ണന ഉദാഹരിച്ച് കൊണ്ട് പൂക്കളെ കുറിച്ച് വർണ്ണിക്കുന്ന രണ്ട് കാവ്യശകലങ്ങൾ കൂടി ചൊല്ലി കേൾപ്പിക്കുകയും ആവർണ്ണനയുടെ ഭംഗി വിശദീകരിക്കുകയും ചെയ്തു.

നാണമില്ലേ കിടന്നുറങ്ങാൻ
നേരമിങ്ങനെ നാലുമണി വരെ
എത്ര നേരം പകലുറക്കം സഖേ
രാത്രികാലത്തുറക്കം പതിവില്ലേ
നിത്യവുമക്കഥകളിക്കാരന്റെ
നിദ്രയേവം അഭിനയിക്കുന്നുവോ.

- പി.കുഞ്ഞിരാമൻ നായരുടെ വരികൾ -

[ നാലുമണിപ്പൂവിന്റെ പകലുറക്കത്തെ കഥകളി വേഷക്കാരുടെ പകൽ നിദ്രയോട് സദൃശ്യപ്പെടുത്തുന്ന വർണ്ണന]

ഈ വല്ലിയിൽ നിന്നു ചെമ്മേ
പൂക്കൾ പോകുന്നിതാ പറന്നമ്മേ
തെറ്റി, നിനക്കുണ്ണീ ചൊല്ലാം
നൽപൂമ്പാറ്റകളല്ലേയതെല്ലാം
മേൽക്കുമേലിങ്ങനെ പൊങ്ങി,
നോക്കമ്മേയെന്തൊരു ഭംഗി .

- കുമാരനാശാന്റെ വരികൾ -

[ വർദ്ധിച്ച സൗന്ദര്യത്താൽ , കുട്ടിക്ക് പൂവും പൂമ്പാറ്റയും മാറിപ്പോകുന്നു എന്ന  വർണ്ണന ]

- പൂക്കളുമായി ബന്ധപ്പെട്ട നമ്മുടെ ആഘോഷങ്ങൾ എന്ന വാക്യത്തിൽ നിന്നും ഓണക്കാലത്തെ കുറിച്ചുള്ള ഓർമ്മകളിലേക്ക് കുട്ടികളുടെ ശ്രദ്ധയെ കൂട്ടിക്കൊണ്ടു പോയി.

- ഓണവുമായി ബന്ധപ്പെട്ട രണ്ട് പാട്ടുകളുടെ ചിത്രീകരണം കാണിച്ചു.

■പൂവേ പൊലി പൂവേ .......

- മാവേലി നാടുവാണീടും കാലം .......

  - ചിങ്ങം പ്രതീക്ഷയുടെ കാലമാണെന്നും കൊയ്ത്തുത്സവമായ ഓണം പ്രകൃതിയോട് ചേർന്നു നിൽക്കുന്ന ആഘോഷമാണെന്നും ചൂണ്ടിക്കാട്ടി.

  - 'ഓണമുറ്റത്ത്' എന്ന പാഠ ഭാഗത്തേക്ക് പ്രവേശിച്ചു.

  - വൈലോപ്പിള്ളി ശ്രീധരമേനോന്റെ വിട എന്ന കവിതാ സമാഹരത്തിലെ കവിതയാണ് 'ഓണമുറ്റത്ത്' എന്ന് സൂചിപ്പിച്ചു.

 കുട്ടികൾക്ക് പരിചിതമായ വൈലോപ്പിള്ളി കവിത എന്ന നിലയിൽ 'മാമ്പഴ'ത്തിലെ അല്പഭാഗം കേൾപ്പിച്ചു.

  - വൈലോപ്പിള്ളിയുടെ ഇതര കൃതികളെ കുറിച്ച് അന്വേഷിച്ച് കൊണ്ട് കൂടുതൽ കൃതികൾ പരിചയപ്പെടുത്തി.

വൈലോപ്പിള്ളി കൃതികൾ

- കന്നിക്കൊയ്ത്ത്
- മകരക്കൊയ്ത്ത്
- കുടിയൊഴിക്കൽ
- ശ്രീരേഖ
- ഓണപ്പാട്ടുകാർ
- കുന്നിമണികൾ
- വിത്തും കൈക്കോട്ടും
- കടൽകാക്കകൾ
- കയ്പവല്ലരി
- വിട
- മിന്നാമിന്നി
- പച്ചക്കുതിര
- മുകുളമാല
- കുരുവികൾ
- മൃതസഞ്ജീവനി - കാവ്യനാടകം
- ഋശ്യശൃംഗനും അലക്സാണ്ടറും - നാടകം
- കാവ്യലോക സ്മരണകൾ - ആത്മകഥ .

- വൈലോപ്പിള്ളിക്ക് ലഭിച്ച പുരസ്കാരങ്ങളെ കുറിച്ച് സൂചിപ്പിച്ചു.

- വൈലോപ്പിള്ളിയുടെ കൃതികളുടെ പേരുകളിൽ തന്നെ കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട അടയാളങ്ങൾ കാണാം എന്ന വസ്തുത ചൂണ്ടിക്കാട്ടി.

- മലയാളത്തിന്റെ ശ്രീ , കാച്ചിക്കുറുക്കിയ കവിതകളുടെ കർത്താവ്. തുടങ്ങിയ , വൈലോപ്പിള്ളിയുടെ കവി വിശേഷണങ്ങൾ ഓർമ്മിപ്പിച്ചു.

- 'ഓണമുറ്റത്ത്' എന്ന കവിത വരികളുടെ അകമ്പടിയിൽ പൂർണ്ണമായും ചൊല്ലിക്കേൾപ്പിച്ചു.

- കവിതയുടെ ഈണത്തിന്റെ സവിശേഷതകൾ ശ്രദ്ധയിൽ പെടുത്തി.

■ നാടൻ പാട്ടുകളുടെയും നാട്ടുചൊല്ലുകളുടെയും താളം കവിതയിലെ വരികൾക്ക് ഉണ്ട് എന്ന് ഉദാഹരണത്തിലൂടെ വ്യക്തമാക്കി.

■സമാന താളമുള്ള ചില ചൊല്ലുകൾ പരിചയപ്പെടുത്തി.

■ ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ വെള്ളിക്കിണ്ണം തുള്ളിത്തുള്ളി.
■ മുല്ലപ്പൂമ്പൊട്ടിയേറ്റു കിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം.

- കവിതയുടെ ഈണവും താളവും കവിതയുടെ പ്രമേയവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും കവികൾ അക്ഷരങ്ങ 7012498606 ക്രമീകരിച്ച് വിഷയത്തിനും ഭാവത്തിനും അനുസൃതമായ താളം വരികൾക്കുണ്ടാക്കുന്നതിനെയാണ് 'വൃത്തം' എന്നു പറയുന്നതെന്നും വിശദീകരിച്ചു.

- കവിത പുതിയ ഒരു ഈണത്തിൽ ചൊല്ലുന്നതിന്റെ സാധ്യതകളെ കുറിച്ച് കുട്ടികളോട് അന്വേഷിച്ചു.

തുടർപ്രവർത്തനങ്ങൾ :

1. 'ഓണമുറ്റത്ത്' എന്ന കവിത പുതിയൊരു ഈണത്തിൽ ചൊല്ലി റെക്കോർഡ് ചെയ്ത് മലയാളം അധ്യാപകന് അയച്ചു കൊടുക്കുക .

2. ഓണവുമായ ബന്ധപ്പെട്ട ചൊല്ലുകളും ശൈലികളും കണ്ടെത്തി എഴുതുക.

തയ്യാറാക്കിയത് :

നവാസ് മന്നൻ

GHSS ശ്രീകണ്ഠപുരം.